പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2483 — 14.6.2019 -ൽ മറുപടിയ്ക്ക്

## കഴിഞ്ഞ വർഷം സംസ്ഥാനം സന്ദർശിച്ച വിനോദസഞ്ചാരികൾ

| ചോദ്യം<br>ശ്രീ.കെ.ജെ. മാക്സി : | | മറുപടി<br>ശ്രീ. കടകംപളളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി | |
|---|---|---|---|
| എ) | കഴിഞ്ഞ വർഷം (2018) സംസ്ഥാനത്ത് എത്ര വിനോദസഞ്ചാരികൾ സന്ദർശനം നടത്തി; ഇതിൽ ആഭ്യന്തര ടൂറിസ്റ്റുകൾ എത്ര; വിദേശ ടൂറിസ്റ്റുകൾ എത്ര; ഇവരുടെ സന്ദർശനത്തിലൂടെ എത്ര കോടി രൂപയുടെ വരുമാനം സംസ്ഥാനത്തിന് ലഭിച്ചു; വ്യക്തമാക്കുമോ;? | എ) | 2018-ലെ സ്ഥിതിവിവര കണക്ക് അനുസരിച്ച് കേരളം സന്ദർശിച്ച വിനോദസഞ്ചാരികളുടെ എണ്ണം 1,67,01,068 (ഒരു കോടി അറുപത്തി ഏഴുലക്ഷത്തി ആയിരത്തി അറുപത്തിയെട്ട്) ആണ്. ഇതിൽ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണം 1,56,04,661 (ഒരു കോടി അൻപത്തിയാറു ലക്ഷത്തി നാലായിരത്തി അറുന്നൂറ്റി അറുപത്തിയൊന്ന്) ആണ്. വിദേശ വിനോദസഞ്ചാരികളുടെ മാത്രം എണ്ണം 10,96,407 (പത്തുലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി നാന്നൂറ്റി ഏഴ്) ആണ്. 2018 വർഷം 36258.01 കോടി രൂപ ടൂറിസം മേഖലയിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ചതായാണ് കണക്ക് കൂട്ടിയിട്ടുളളത്. ഇതിൽ 2018 വർഷത്തെ വിദേശ നാണ്യ വരുമാനം 8764.46 കോടി രൂപയാണ്. |
| ബി) | ഹർത്താലുകൾ വിനോദസഞ്ചാരമേഖലയെ ബാധിക്കുന്നുവെന്ന് കരുതുന്നുണ്ടോ; എങ്കിൽ ടൂറിസം മേഖലയെ ഹർത്താലുകളിൽ നിന്നും ഒഴിവാക്കാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | ബി) | വിനോദസഞ്ചാരമേഖലയിൽ ഹർത്താൽ സൃഷ്ടിക്കുന്ന പ്രയാസങ്ങളെപ്പറ്റി ചർച്ച ചെയ്യുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 15.5.2018-ന് ചേർന്ന സർവ കക്ഷി യോഗത്തിൽ വിനോദസഞ്ചാര മേഖലയെ ഹർത്താലിൽ നിന്നും ഒഴിവാക്കണമെന്നും ഹർത്താൽ ആഹ്വാനം ചെയ്യുന്നവർ തന്നെ വിനോദസഞ്ചാരമേഖലയെ ഹർത്താലിൽ നിന്നും ഒഴിവാക്കുന്നതിനും ആഹ്വാനം ചെയ്യണമെന്ന നിർദ്ദേശം എല്ലാ രാഷ്ട്രീയകക്ഷികളും അംഗീകരിക്കുകയുണ്ടായി. |

<table>
<tr>
<td>സി)</td>
<td>വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി അന്താരാഷ്ട്ര പ്രചാരണപരിപാടി സംഘടിപ്പിച്ചുവോ; എങ്കിൽ ഏതെല്ലാം രാജ്യങ്ങളിൽ പ്രചാരണം സംഘടിപ്പിച്ചു; ടൂറിസം മേഖലയെ പ്രതിനിധീകരിച്ച് എത്രപേർ പങ്കെടുത്തു; അവർ ആരെല്ലാം; എത്ര രൂപ ഇതിലേക്കായി ചെലവഴിച്ചു; വിശദാംശം വ്യക്തമാക്കുമോ ?</td>
<td>സി)</td>
<td>വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി ടൂറിസം വകുപ്പ് അന്താരാഷ്ട്ര പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. 2019 ജനുവരി മുതൽ നടത്തിയ ബ്രാൻഡ് ക്യാമ്പയിൻ വിദേശങ്ങളിൽ കേരളത്തെക്കുറിച്ച് മികച്ച പ്രതികരണം ഉണ്ടാക്കി. ഹ്യൂമൻ ബൈ നേച്ചർ എന്ന പുതിയ പ്രചാരണ പരിപാടി വഴി യൂറോപ്പ് പ്രിന്റ് ക്യാമ്പയിൻ നടത്തിക്കഴിഞ്ഞു. U.K, London, Heauthro എയർപോർട്ട്, ജർമ്മനി, പാരീസ്,ദുബായ്, സിങ്കപ്പൂർ എയർപോർട്ടുകൾ കേന്ദ്രീകരിച്ച് ഔട്ട് ഓഫ് ഹോം ക്യാമ്പയിൻ, അമേരിക്കയിൽ ന്യൂയോർക്ക് ടൈം സ്ക്വയർ പരസ്യ പ്രചാരണവും സംഘടിപ്പിച്ചിട്ടുണ്ട്. ഇതിനു പുറമേ യൂറോപ്പ് ടിവി ബ്രാൻഡ് ക്യാമ്പയിനും സംഘടിപ്പിച്ചിരുന്നു. 2018-19 -ൽ നടത്തിയ Middle East കാമ്പയിനും അറബ് രാജ്യങ്ങളിൽ കേരളാ ടൂറിസം പ്രചാരണങ്ങൾക്ക് കരുത്തേകാൻ ഉതകുന്നതായിരുന്നു.<br>മേൽ ക്യാമ്പയിനുകൾക്കായി ചെലവായ തുക ചുവടെ ചേർക്കുന്നു.
<table>
<tr><th>No.</th><th>Campaign</th><th>Amount</th></tr>
<tr><td>1</td><td>Middle East Print Campaign</td><td>14140000</td></tr>
<tr><td>2</td><td>Middle East TV Campaign</td><td>26478133</td></tr>
<tr><td>3</td><td>Europe TV Campaign</td><td>47908000</td></tr>
<tr><td>4</td><td>Europe Dubai Brand Campaign</td><td>40217029</td></tr>
<tr><td>5</td><td>American Time Square Brand Campaign</td><td>25000000</td></tr>
</table>
അന്താരാഷ്ട്ര പ്രചാരണ പരിപാടികളുടെ ഭാഗമായി 2018-2019 സാമ്പത്തിക വർഷത്തിൽ കേരളാ ടൂറിസം പങ്കെടുത്ത അന്താരാഷ്ട്ര ട്രേഡ് ഫെയറുകളുടെയും കേരളാടൂറിസം സംഘടിപ്പിച്ച അന്താരാഷ്ട്ര ട്രേഡ് മീറ്റുകളുടെയും വിശദാംശം അനുബന്ധമായി ചേർക്കുന്നു. ഇവയിൽ കേരള ടൂറിസത്തിനെ പ്രതിനിധീകരിച്ചത് സെക്രട്ടറി</td>
</tr>
</table>

| | | | |
|---|---|---|---|
| | | | (ടൂറിസം), ഡയറക്ടർ (ടൂറിസം), ഡെപ്യൂട്ടി ഡയറക്ടർ (മാർക്കറ്റിംഗ്, ടൂറിസം) എന്നിവരാണ് പങ്കെടുത്തത്. അന്താരാഷ്ട്ര ട്രേഡ് ഫെയറുകളിൽ പങ്കെടുക്കുന്നതിന് 4,25,15,000 + GST രൂപയുടെയും അന്താരാഷ്ട്ര ട്രേഡ് മീറ്റുകൾ സംഘടിപ്പിക്കുന്നതിനായി 7,22,05,000 + GST രൂപയുടെയും ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

# International Road shows 2018-19

| Sl No | International Trade meet/B2B meet 2018-19 | Country | Date of event | Sellers |
|---|---|---|---|---|
| 1 | Kuala Lumpur | Malaysia | 6th September 2018 | 11 |
| 2 | St.Petersburg | Russia | 17 September 2018 | 11 |
| 3 | Stockholm | Sweden | 19 September 2018 | 3 |
| 4 | Riyadh | Saudi Arabia | 7th October 2018 | 7 |
| 5 | Dammam | Saudi Arabia | 9th October 2018 | 7 |
| 6 | Manama | Bahrain | 10th October 2018 | 10 |
| 7 | Auckland | New Zealand | 22 October 2018 | 10 |
| 8 | Sydney | Australia | 24 October 2018 | 10 |
| 9 | Melbourne | Australia | 25 October 2018 | 10 |
| 10 | Munich | Germany | 13 November 2018 | 12 |
| 11 | Frankfurt | Germany | 15 November 2018 | 12 |
| 12 | Vienna | Austria | 29 January 2019 | 11 |
| 13 | Rome | Italy | 31 January 2019 | 11 |
| 14 | Zurich | Switzerland | 5 February 2019 | 12 |
| 15 | Prague | Czech Republic | 7 February 2019 | 7 |
| 16 | New York | USA | 5 February 2019 | 5 |
| 17 | Chicago | USA | 7 February 2019 | 5 |
| 18 | Houston | USA | 12 February 2019 | 5 |
| 19 | Los Angeles | USA | 13 February 2019 | 6 |
| 20 | Paris | France | 12 March 2019 | 18 |
| 21 | London | United Kingdom | 13 March 2019 | 20 |
| 22 | Dublin | Ireland | 14 March 2019 | 15 |

സെക്ഷൻ ഓഫീസർ

അനുബന്ധം - II

# International fairs 2018-19

| Sl No | International Trade fairs 2018-19 | Country | Date of event | Number of Co Exhibitors |
|---|---|---|---|---|
| I | PATA Travel Mart, Langkawi | Malaysia | 12-14 September 2018 | 1 |
| II | OTDYKH Leisure. Moscow | Russia | 11-13 September 2018 | 6 |
| III | JATA Tourism Expo, Tokyo | Japan | 20-23 September 2018 | 1 |
| IV | ITB Asia, Singapore | Singapore | 17-19 October 2018 | 0 |
| V | WTM. London | United Kingdom | 5-7 November 2018 | 10 |
| VI | CITM,Shanghai | China | 16-18 November 2018 | 1 |
| VII | Vakantiebeurs, Utrecht ( B2C) | Netherlands | 9-13 January 2019 | 3 |
| VIII | FITUR, Madrid | Spain | 23-27 January 2019 | 3 |
| IX | IMTM, Tel Aviv | Israel | 12-13 February 2019 | 7 |
| X | ITB, Berlin | Germany | 6-10 March 2019 | 12 |
| XI | Salon Mondial du Tourisme. Paris(B2C) | France | 14-17 March 2019 | 2 |

[signature]

സെക്ഷൻ ഓഫീസർ